**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1766** **19-01-2021 - ൽ മറുപടിയ്ക്ക്**

**സി-ആപ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സി-ആപ്റ്റിൽ പേ റിവിഷൻ നടപ്പിലാക്കിയിട്ട് എത്ര വർഷമായെന്ന് അറിയിക്കാമോ; | (എ) | സി-ആപ്റ്റിൽ പേ റിവിഷൻ നടപ്പി ലാക്കിയിട്ട് 8 വർഷമായി. |
| (ബി) | സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മീഷൻ റിപ്പോർട്ട് പ്രകാരം വട്ടിയൂർക്കാവിലെ സി-ആപ്റ്റ് ഹെഡ്ഓഫീസിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തികകളിൽ അധികമായി ജോലി ചെയ്യുന്നുണ്ട്; | (ബി) | സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ട തിനാൽ ആയത് പരിഹരിക്കുന്ന തിലേക്കായി ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയേയും, സി-ആപ്റ്റ് മാനേജിംഗ് ഡയറക്ട റേയും എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതല പ്പെടുത്തിയിരുന്നു. അപാകതകൾ പരിഹരിച്ച് പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ഹെഡ് ഓഫീസിൽ എത്ര ജീവനക്കാർ ഏതൊക്കെ തസ്തിക കളിൽ അധികമായി ജോലി ചെയ്യുന്നുണ്ട് എന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമാവുകയുള്ളൂ. |
| (സി) | ഈ സർക്കാർ വന്നതിന് ശേഷം സി-ആപ്റ്റിന് എത്ര രൂപ ഗ്രാൻഡ് ആയി ലഭിച്ചു ; ഈ തുകയിൽ നിന്ന് എത്ര രൂപ ഏതൊക്കെ സെന്ററിന് നല്കിയെന്ന് വെളിപ്പെടുത്താമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ ഫണ്ടിനത്തിൽ സി-ആപ്റ്റിന് ലഭിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർ ക്കുന്നു. വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക ലഭിച്ച തുക (ലക്ഷത്തിൽ) (ലക്ഷത്തിൽ) 2016-17 250 250 2017-18 290 70.62 2018-19 320 157.3833 2019-20 320 220.367 2020-21 300 193.849 മേൽ സൂചിപ്പിച്ച തുകയിൽ നിന്നും എറണാകുളം ഉപകേന്ദ്രത്തിന് 49.42 ലക്ഷം രൂപയുടെ മെഷീൻ 2016-20 വർഷങ്ങളിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുണ്ട്. കൂടാതെ, കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, ബയോ മെട്രിക് അറ്റൻഡൻസ് സിസ്റ്റം എന്നിവ പ്ലാൻ ഫണ്ട് ഉപയോഗിച്ച് എല്ലാ ഉപകേന്ദ്രങ്ങൾക്കും സി-ആപ്റ്റിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്. |
| (ഡി) | സി-ആപ്റ്റിൽ എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്നും കഴിഞ്ഞ പത്ത് വർഷക്കാലമായി ഒരു | (ഡി) | സി-ആപ്റ്റിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിൽ 310 ജീവനക്കാരും, ഉപകേന്ദ്രം/ |

| | | | |
|---|---|---|---|
| | ട്രാൻസ്ഫർ പോലും ലഭിക്കാത്ത എത്ര ജീവനക്കാർ ഉണ്ടെന്നും അറിയിക്കാമോ; | | ഡെപ്യൂട്ടേഷൻ/ദീർഘകാല അവധി എന്നീ വിഭാഗങ്ങളിലായി 282 ജീവനക്കാരും ഉൾപ്പെടെ ആകെ 592 ജീവനക്കാരാണ് സെന്ററിൽ ഉള്ളത്. സെന്ററിൽ സ്റ്റാഫ് പാറ്റേൺ, പ്രമോഷൻ പോളിസി എന്നിവ നടപ്പിലാക്കിയിട്ടില്ല. സെന്ററിന്റെ പ്രധാന പ്രവർത്തനം നടക്കുന്ന ഹെഡ് ഓഫീസിലാണ് ഭൂരിഭാഗം ജീവനക്കാരും ജോലി ചെയ്തു വരുന്നത്. ഹെഡ് ഓഫീസിലും ഉപകേന്ദ്രങ്ങളിലും ലഭിക്കുന്ന അച്ചടി ജോലികൾക്കനുസൃതമായാണ് ജീവനക്കാരെ പുനർ വിന്യസിക്കുന്നത്. നിലവിൽ ഹെഡ് ഓഫീസിലും ഉപകേന്ദ്രങ്ങളിലും ജോലി നോക്കുന്ന ഭൂരിഭാഗം ജീവനക്കാരും പത്തു വർഷക്കാലത്തിലധികമായി ഒരു ട്രാൻസ്ഫറും ലഭിക്കാത്ത ജീവനക്കാരാണ്. |
| (ഇ) | ലോട്ടറി സെക്ഷനിലേക്ക് റൊട്ടേഷൻ വ്യവസ്ഥിതിയിൽ സബ് സെന്ററിൽ നിന്നും ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിൽ കൊണ്ടുവരുന്നത് എന്ത് മാനദണ്ഡമനുസരിച്ചാണ്; സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേണും പ്രമോഷൻ പോളിസിയും ട്രാൻസ്ഫർ നോംസും നിലവിലുണ്ടോ; | (ഇ) | സി-ആപ്റ്റിന്റെ ഉൽപാദിത വരുമാന ത്തിൽ നിന്നുമാണ് ജീവനക്കാർക്കുള്ള ശമ്പളവും മറ്റു ചെലവുകളും കണ്ടെത്തി വരുന്നത്. സെന്ററിന്റെ മുഖ്യവരുമാനം ലഭിക്കുന്നത് ഹെഡ് ഓഫീസിൽ നടക്കുന്ന ലോട്ടറി ടിക്കറ്റ് അച്ചടി, പ്ലസ് വൺ, പ്ലസ് ടു പാഠപുസ്തക അച്ചടി, എസ്. എസ്. എ ചോദ്യപേപ്പർ അച്ചടി എന്നിവയിൽ നിന്നുമാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ എസ്. എസ്. എ ചോദ്യപേപ്പർ അച്ചടി സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. ഇത് സ്ഥാപനത്തിന്റെ വരുമാനത്തെ വലിയ തോതിൽ ബാധിച്ചിരുന്നു. നിലവിൽ ഉപകേന്ദ്രങ്ങളിൽ മിക്കവയും ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഈ സാഹചര്യത്തിൽ ഹെഡ് ഓഫീസിലെ പ്രൊഡക്ഷൻ/ ലോട്ടറി ടിക്കറ്റ് അച്ചടിയിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ് ഉപകേന്ദ്രങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുൾപ്പെടെയുള്ളവരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകി വരുന്നത്. നിലവിൽ തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസ് കോംപ്ലക്സിലെ മിനിസ്റ്റീരിയൽ ജീവനക്കാർ ഉൾപ്പെടെ യുള്ള എല്ലാ വിഭാഗം ജീവന ക്കാരെയും ശനി, ഞായർ ദിവസ ങ്ങളിൽ പോലും ഡ്യൂട്ടിയ്ക്ക് നിയോഗിച്ച് ലോട്ടറി ജോലികൾ സമയബന്ധിത മായി തീർപ്പാക്കുവാൻ മാനേജ് മെന്റ് ശ്രമിച്ചുവെങ്കിലും, പ്രസ്തുത ജോലികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. യഥാസമയം ലോട്ടറി ടിക്കറ്റ് അച്ചടിച്ച് ലോട്ടറി വകുപ്പിന് നൽകിയില്ലാ യെങ്കിൽ നിശ്ചിത സമയപരിധി ക്കുള്ളിൽ ലോട്ടറി ടിക്കറ്റുകൾ വിൽക്കു വാൻ സാധിക്കാതെ വരികയും ലോട്ടറിയിൽ നിന്നുള്ള വരുമാനം സർക്കാരിന് കുറയുവാൻ |

| | | | |
|---|---|---|---|
| | | | ഇടവരുകയും ചെയ്യും. ഇത് ലോട്ടറി പ്രിന്റിംഗ് ജോലികൾ സി-ആപ്റ്റിന് നഷ്ട മാകാനും അതിലൂടെ സ്ഥാപനം കടുത്ത സാമ്പത്തിക അരക്ഷിതാ വസ്ഥയിലേയ്ക്ക് പോകാനും സാധ്യത യുണ്ട്. മേൽ പശ്ചാത്തല ത്തിലാണ് ഹെഡ് ഓഫീസിൽ ലോട്ടറി ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേയ്ക്കായി ഉപ കേന്ദ്രങ്ങളിലെ ജീവനക്കാരെ 90 പ്രവർത്തി ദിവസത്തേയ്ക്ക് വർക്കിംഗ് അറേഞ്ച്മെൻറ് അടിസ്ഥാനത്തിൽ ഹെഡ് ഓഫീസിൽ ഡ്യൂട്ടിയ്ക്ക് നിയോഗി ച്ചിട്ടുള്ളത്. കൂടാതെ ഹെഡ് ഓഫീസിൽ അധിക ജീവനക്കാരെ ആവശ്യമുള്ളപക്ഷം മറ്റ ജില്ലകളിൽ നിന്നും പുനർവിന്യസിപ്പിക്കുവാൻ 09.04.2019-ലെ കത്ത് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുമുണ്ട്. നിലവിൽ സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ, പ്രമോഷൻ പോളിസി, ട്രാൻസ്ഫർ നോംസ് എന്നിവ നടപ്പി ലാക്കിയിട്ടില്ല. |
| (എഫ്) | സി-ആപ്റ്റിൽ സബ് സെന്റർ/ജില്ലാ ഓഫീസുകളിൽ മേലധികാരികളെ നിയമിക്കുന്നത് എന്ത് മാനദണ്ഡമനുസരിച്ച് ആണെന്ന് വ്യക്തമാക്കാമോ? | (എഫ്) | സി-ആപ്റ്റിൽ പ്രമോഷൻ പോളിസി, സ്റ്റാഫ് പാറ്റേൺ എന്നിവ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഉപ കേന്ദ്രങ്ങളിൽ ഉയർന്ന തസ്തികയിൽ ജോലി ചെയ്തുവരുന്ന ട്രെയിനിംഗ് ഓഫീസർ, കംപ്യൂട്ടർ ഓപ്പറേറ്റർ, ഇൻസ്ട്രക്ടർ (പ്രിൻറിംഗ്), ജൂനിയർ അക്കൗണ്ടന്റ് എന്നീ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഉപകേന്ദ്രങ്ങളുടെ ചുമതല നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ